**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4895** **20-07-2022 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്ഥാപനങ്ങളിൽ തസ്തികകൾ സൃഷ്ടിക്കാൻ അനധികൃത നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എയ്ഡഡ് സ്ഥാപനങ്ങളിൽ തസ്തികകൾ സൃഷ്ടിക്കാനും അവ നിലനിർത്തുന്നതിനുമായി മാനേജ്മെൻറുകൾ പരസ്പര ധാരണയോടെ തട്ടിപ്പ് നടത്തുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വസ്തുതയാണോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വയനാട് വെള്ളമുണ്ട എ.യു.പി സ്കൂളിൽ മറ്റൊരു സ്കൂളിലെ കുട്ടികളുടെ ടി.സി ഹാജരാക്കിയത് സംബന്ധിച്ച വിഷയം പരിശോധിച്ച് വരുന്നു. വിദ്യാർത്ഥികളുടെ എണ്ണം ശേഖരിക്കുന്ന 'സമ്പൂർണ്ണ' സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ രേഖപ്പെടുത്തൽ പൂർത്തിയാകുന്നതിന് മുമ്പ് സാങ്കേതിക തകരാർ മൂലം 'ഹാംഗ്' ആയതിനെ തുടർന്ന് കുട്ടികളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സാധിക്കാതെ വന്നതിനാൽ 08.06.2022-ന് രാത്രി 10 മണിവരെ ടി വിവരം രേഖപ്പെടുത്തുന്നതിനുള്ള സമയം ദീർഘിപ്പിച്ചുകൊണ്ട് കൈറ്റ് സി.ഇ.ഒ പ്രധാനാധ്യാപകർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അന്നേദിവസം രാത്രി 10 മണിവരെ വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റ് ഓപ്പണായിരുന്നു. 2022-23 വർഷം തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയം പരിശോധിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | കുട്ടികൾ ഒരു സ്കൂളിൽ പഠിക്കുമ്പോൾ മറ്റൊരു സ്കൂളിൽ കുട്ടികളുടെ പേരിലുള്ള വ്യാജ ടി. സി. ഹാജരാക്കുന്നതടക്കമുള്ള അനധികൃതമായ കാര്യങ്ങൾ, വയനാട് വെള്ളമുണ്ട എ.യു.പി. സ്കൂളിൽ നടന്നതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വയനാട് വെള്ളമുണ്ട എ.യു.പി സ്കൂളിൽ മറ്റൊരു സ്കൂളിലെ കുട്ടികളുടെ ടി.സി ഹാജരാക്കിയത് സംബന്ധിച്ച വിഷയം പരിശോധിച്ച് വരുന്നു. വിദ്യാർത്ഥികളുടെ എണ്ണം ശേഖരിക്കുന്ന 'സമ്പൂർണ്ണ' സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ രേഖപ്പെടുത്തൽ പൂർത്തിയാകുന്നതിന് മുമ്പ് സാങ്കേതിക തകരാർ മൂലം 'ഹാംഗ്' ആയതിനെ തുടർന്ന് കുട്ടികളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സാധിക്കാതെ വന്നതിനാൽ 08.06.2022-ന് രാത്രി 10 മണിവരെ ടി വിവരം രേഖപ്പെടുത്തുന്നതിനുള്ള സമയം ദീർഘിപ്പിച്ചുകൊണ്ട് കൈറ്റ് സി.ഇ.ഒ പ്രധാനാധ്യാപകർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അന്നേദിവസം രാത്രി 10 മണിവരെ വിദ്യാഭ്യാസ വകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | വെബ്സൈറ്റ് ഓപ്പണായിരുന്നു. 2022-23 വർഷം തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയം പരിശോധിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | എങ്കിൽ പ്രസ്തുത സംഭവത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വയനാട് വെള്ളമുണ്ട എ.യു.പി സ്കൂളിൽ മറ്റൊരു സ്കൂളിലെ കുട്ടികളുടെ ടി.സി ഹാജരാക്കിയത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. വിദ്യാർത്ഥികളുടെ എണ്ണം ശേഖരിക്കുന്ന 'സമ്പൂർണ്ണ' സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ രേഖപ്പെടുത്തൽ പൂർത്തിയാകുന്നതിന് മുമ്പ് സാങ്കേതിക തകരാർ മൂലം 'ഹാംഗ്' ആയതിനെ തുടർന്ന് കുട്ടികളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സാധിക്കാതെ വന്നതിനാൽ 08.06.2022-ന് രാത്രി 10 മണിവരെ ടി വിവരം രേഖപ്പെടുത്തുന്നതിനുള്ള സമയം ദീർഘിപ്പിച്ചുകൊണ്ട് കൈറ്റ് സി.ഇ.ഒ പ്രധാനാധ്യാപകർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അന്നേദിവസം രാത്രി 10 മണിവരെ വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റ് ഓപ്പണായിരുന്നു. 2022-23 വർഷം തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയം പരിശോധിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ